## കൊല്ലം ജില്ലാ പോലീസ് ഡിപ്പാർട്ടമെന്റ് എംപ്ലോയീസ് സഹകരണസംഘം
## ക്ലിപ്തം നമ്പർ ക്യു.1179

**കൊല്ലം -1 ഫോൺ :0474-2740833**

## പ്രവർത്തന റിപ്പോർട്ട്

മാന്യസഹകാരികളെ ,

നമ്മുടെ സംഘത്തിന്റെ 24 -മത് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാനെത്തിയിട്ടുള്ള എല്ലാ അംഗങ്ങളേയും സംഘത്തിന്റെ പൊതുയോഗത്തിലേക്ക് സ്വാഗതം ചെയുന്നു . 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും 2020-21 വർഷത്തേക്കുള്ള ബഡ്ജറ്റും ബഹുമാന്യരായ അംഗങ്ങളുടെ അറിവിലേയ്ക്കും വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചു കൊള്ളുന്നു .

**അംഗങ്ങൾ**

2017-18 വർഷം 4301 അംഗങ്ങളുണ്ടായിരുന്നത് തൻവർഷം 4678 ആയി വർദ്ധിച്ചിട്ടുണ്ട് .

**ഓഹരിമൂലധനം**

മുൻവർഷം 1,53,88,635/- രൂപ ഉണ്ടായിരുന്നത് 2018-19 വർഷം 1,74,29,826/- രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. മുന്നാണ്ടത്തെക്കാൾ 20,41,141/- രൂപ ഓഹരിത്തുകയിനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട് .

**നിക്ഷേപങ്ങൾ**

*സേവിങ്സ് ബാങ്ക് നിക്ഷേപം*

2017-18 ൽ 2,09,21,160.04 രൂപ ആയിരുന്ന സേവിങ്സ് ബാങ്ക് നിക്ഷേപം തൻവർഷം 1,64,47,967.74 ആയി കുറഞ്ഞിട്ടുണ്ട്. സേവിങ്സ് ബാങ്ക് നിക്ഷേപം കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടായിട്ടുണ്ട് .

*സ്ഥിരനിക്ഷേപം*

മുൻവർഷം 64,34,04,100.03 ആയിരുന്ന സ്ഥിരനിക്ഷേപം തൻവർഷം 71,80,84,678/- രൂപ ആയി വർദ്ധിച്ചിട്ടുണ്ട് .

*സ്വയം വർദ്ധിനി നിക്ഷേപം*

മുൻവർഷാവസാനം 90,63,604 /- രൂപയാണ് സ്വയം വർദ്ധിനി നിക്ഷേപയിനത്തിൽ ബാക്കി നിൽപുള്ളത് . ഇപ്പോൾ ഈ നിക്ഷേപത്തിൽ അംഗങ്ങളെ ചേർത്തു വരുന്നില്ല .

*പെൻഷൻ ബെനിഫിറ്റ് സ്കീം*

2017-18 ൽ 2,70,518 രൂപ ഉണ്ടായിരുന്ന ടി സ്കീമിൽ ഇപ്പോൾ 1,61,101/- രൂപ ബാക്കി നിൽപുണ്ട് .

**അംഗങ്ങൾക്കുള്ള വായ്പകൾ**

*എമെർജൻസി ലോൺ*

എമെർജൻസി ലോൺ ഇനത്തിൽ 2018-19 ൽ 12,68,00,399.50 രൂപ ബാക്കി നിൽപുണ്ട് .മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം 4,22,04,881/- രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

*സാധാരണ വായ്പ*

2017-18 ൽ 43,47,52,208/- രൂപ ഉണ്ടായിരുന്നത് തൻവർഷം 44,55,07,428.35 രൂപ ആയി വർദ്ധിച്ചിട്ടുണ്ട് . ടി. വായ്പയിനത്തിൽ 1,07,55,220/- രൂപയുടെ വർദ്ധനവാണ് ഈ വർഷം ഉണ്ടായിട്ടുള്ളത് .

*വിദ്യാഭ്യാസ വായ്പ*

മുൻവർഷം 51,95,834/- രൂപ ഉണ്ടായിരുന്നത് ഈ വർഷം 60,68,682/- രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ അംഗങ്ങൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്.

*ഹയർ പർച്ചേയ്സ് വായ്പ*

2016-17 2,01,69,217/- രൂപ ബാക്കി നിൽപ്പുണ്ടായിരുന്ന വായ്പയിൽ 2018-19 ൽ 1,75,25,678/- രൂപ ആണ് ബാക്കി നിൽപുള്ളത് .

*ഫെസ്റ്റിവൽ വായ്പകൾ*

2017-18 ൽ 98,44,058/- രൂപ ബാക്കിനിൽപുണ്ടായിരുന്ന ടി വായ്പയിൽ 51,68,829/- രൂപയുടെ വർദ്ധനവോടുകൂടി 1,50,12,827/- രൂപ 2018-19ൽ ബാക്കി നിൽപുണ്ട് .

*ബാങ്ക് ഓവർഡ്രാഫ്റ്റ് വായ്പ*

ബാങ്ക് ഓവർഡ്രാഫ്റ്റ് വായ്പ പുതുതായി നൽകാത്തതിനാൽ തൻവർഷം 9794 /- രൂപ തിരികെ വന്നതു കഴികെ 67,720/- രൂപ ബാക്കി നിൽപുണ്ട് .

*സ്ഥിരനിക്ഷേപ വായ്പ*

2017-18 ൽ 1,25,93,657/- രൂപ ഈ വായ്പയിനത്തിൽ ബാക്കി നിൽപുണ്ടായിരുന്നത് തൻവർഷം 1,07,96,779/- രൂപ ആയിട്ടുണ്ട്.

**അംഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ**

*സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി*

സഹകാരികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും ഊന്നൽ നൽകി നടപ്പാക്കി വരുന്ന സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി വഴി അപകടമരണം സംഭവിച്ചാൽ 8ലക്ഷം രൂപയും അപകടം മൂലം ചികിത്സയിൽ കഴിയുന്ന അംഗങ്ങൾക്ക് പ്രതിവാരം 2000 രൂപ ക്രമത്തിൽ 100 ആഴ്ച്ച ചികിത്സാ സഹായം ലഭിക്കുന്നതാണ്.ബഹുമാനപ്പെട്ട സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ അനുവാദ ഉത്തരവനുസരിച്ച് സംഘത്തിലെ എല്ലാ അംഗങ്ങളേയും സംഘത്തിന്റെ പ്രവർത്തന ലാഭത്തിൽനിന്നും പ്രീമിയം തുക അടച്ചുകൊണ്ട് ഓറിയന്റൽ ഇൻഷുറൻസ് കമ്പനി വഴിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് .

പദ്ധതി ആനുകൂല്യം സഹകാരികൾക്ക് കൃത്യസമയത്തു ലഭിക്കുന്നതിലേക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചാൽ അതാത് യൂണിറ്റിൽ നിന്നും 24 മണിക്കൂറിനുള്ളിൽ ഇ-മെയിൽ /ഫോൺ മുഖേന സംഘത്തിൽ അറിയിക്കേണ്ടതാണ് .

*സൗജന്യ ചികിത്സാ പദ്ധതി*

ബഹു. സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ )ന്റെ അനുവാദ ഉത്തരവനുസരിച്ച് നടപ്പിലാക്കിവരുന്ന സൗജന്യ ചികിത്സാ പദ്ധതി വഴി ക്യാൻസർ ,ഹൃദയസംബന്ധമായ അസുഖങ്ങൾ ,കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ,കരൾ രോഗങ്ങൾ മറ്റ് ഗുരുതര രോഗം ബാധിച്ച അംഗങ്ങൾക്ക് ചികിത്സക്കായി 1

ലക്ഷം രൂപ വരെ നൽകുന്നതാണ് . ഈ പദ്ധതി പ്രകാരം ഒരംഗത്തിനു തവണകളായോ ഒരുമിച്ചോ 100000 രൂപ വരെ ചികിത്സാ ചെലവ് ലഭിക്കുന്നതാണ് .

*<u>പലിശരഹിത മെഡിക്കൽ വായ്പ</u>*

സംഘത്തിലെ അംഗങ്ങൾക്ക് അടിയന്തിര രോഗചികിത്സ , ഡ്യൂട്ടിക്കിടയിൽ അപകടം എന്നീ ആവശ്യത്തിലേക്കായി 50000 രൂപ വരെ പലിശ രഹിത മെഡിക്കൽ വായ്പയായി ഉപനിബന്ധങ്ങൾക്ക് വിധേയമായി നൽകുന്നതാണ് . 25ൽ അധികം കിടക്കകളുള്ള ആശുപത്രിയിൽ 48 മണിക്കൂറിലധികം അഡ്മിറ്റായി ചികിത്സാ തേടിയിട്ടുണ്ടെങ്കിൽ ഈ പദ്ധതിയിൽനിന്നും മെഡിക്കൽ വായ്പ ലഭിക്കുന്നതാണ് .

*പലിശരഹിത വിദ്യാഭ്യാസ വായ്പ*

സഹകാരികളുടെ മക്കളുടെ മെഡിക്കൽ വിദ്യാഭ്യാസത്തിനു (MBBS -സർക്കാർ മെറിറ്റ് ) 1 ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി 5 വർഷം വരെയുള്ള കാലാവധിക്ക് അനുവദിക്കുന്നതാണ് .

നടപ്പ് സാമ്പത്തിക വർഷത്തിൽ സഹകാരികളുടെ മക്കൾ പഠിക്കുന്ന മറ്റ് പ്രൊഫഷണൽ കോഴ്സ്കൾക്ക് കൂടി പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ് .

*എസ്.എം.എസ് അലർട്ട് സിസ്റ്റം*

സംഘത്തിലെ ക്യാഷ് ഇടപാടുകൾ സഹകാരികൾക്ക് സുതാര്യവും കൃത്യതവും വരുത്തുന്നതിനായി എസ്.എം.എസ് അലർട്ട് സിസ്റ്റം വഴി നടത്തുന്നു. പ്രധാനപ്പെട്ട എല്ലാ വിവരങ്ങളും ഈ സിസ്റ്റം വഴി സഹകാരികളിൽ എത്തിക്കുന്നു .

*നെറ്റ് ബാങ്കിംഗ് /NEFT / RTGS*

2019 യൂണിയൻ ബഡ്ജറ്റ് നിർദ്ദേശപ്രകാരം ഡിജിറ്റൽ പേയ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻകം ടാക്സ് ആക്ടിൽ പുതിയതായി ഉൾപ്പെടുത്തിയ സെക്ഷൻ 194N പ്രകാരം സംഘം ബാങ്കിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുമായി ഒരു സാമ്പത്തിക വർഷത്തിൽ ആകെ ക്യാഷായി പിൻവലിച്ചിട്ടുള്ള തുക ഒരു കോടി ആയിട്ടുണ്ടെങ്കിൽ ആ സാമ്പത്തിക വർഷത്തെ തുടർന്നുള്ള ക്യാഷ് വിഡ്രോകൾക്ക് 2% TDS ഈടാക്കുന്നതാണ് .

മേൽ സാഹചര്യത്തിൽ സഹകാരികൾക്ക് ഇടപാടുകൾ കൂടുതൽ സുതാര്യവും ലളിതവുമാക്കുന്നതിനായി നെറ്റ് ബാങ്കിംഗ്/ NEFT / RTGS സംവിധാനം നടപ്പിലാക്കി .

*കമ്പ്യൂട്ടറൈസ്ഡ് പാസ്ബുക്ക്*

സംഘം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഡിജിറ്റൽ പാസ്ബുക്ക് നടപ്പാക്കി.

*ഇ - പാസ്ബുക്ക്*

സഹകാരികൾക്ക് ലോൺ , ഡിപ്പോസിറ്റുകൾ ,GDCS (ചിട്ടി ) എന്നിവയുടെ ബാലൻസ് , ഇന്ററെസ്റ്റ് , റീപേയ്മെന്റ് ഡീറ്റെയിൽസ് , റിക്കവറി ഡീറ്റെയിൽസ് എന്നിവ സൊസൈറ്റിയിൽ എത്താതെ നേരിട്ട് അറിയുന്നതിന് മൊബൈൽ ഇ-പാസ്ബുക്ക് സംവിധാനം നടപ്പിലാക്കി .

*സഹകാരികൾക്ക് യാത്ര അയപ്പ്*

സുദീർഘവും സ്തുത്യർഹമായ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന സഹകാരികൾക്ക് സംഘത്തിൻറെ നാളിതുവരെയുള്ള ഉയർച്ചയ്ക്ക് നൽകിയ നിർലോഭമായ സഹകരണത്തിന് എല്ലാ അംഗങ്ങൾക്കും ഉചിതമായ യാത്ര അയപ്പ് നൽകുന്നു .

*ഫ്യൂണറൽ ഫണ്ട്*

അകാലത്തിൽ നമ്മെ വിട്ടുപിരിയുന്ന പ്രിയപ്പെട്ട സഹപ്രവർത്തകരുടെ സംസ്ക്കാര ചടങ്ങുകൾക്കായി നൽകി വരുന്ന ഫ്യൂണറൽ ഫണ്ട് 5000 രൂപയിൽ നിന്നും 25000 രൂപയായി ഉയർത്തി .

*മംഗല്യ നിധി*

സംഘത്തിലെ ഏതൊരംഗത്തിന്റെയും മക്കളുടെ വിവാഹത്തിന് 2 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി 6% പലിശനിരക്കിൽ സർവ്വീസ് കാലാവധിക്കനുസരിച്ച് വായ്പ നൽകുന്നതാണ് .

*വാഹന വായ്പ*

സഹകാരികൾക്ക് വാഹനം വാങ്ങുന്നതിനായി ഇതര ബാങ്കുകളെ ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും സമയബന്ധിതമായും സുതാര്യമായും വായ്പ ലഭിക്കുന്നതിനായി വാഹനവിലയുടെ 90% വരെ വാഹന വായ്പയായി നൽകുന്നു . പരമാവധി 10 ലക്ഷം രൂപ വരെ നൽകുന്ന വാഹനവായ്പ 9.5% പലിശനിരക്കിൽ നൽകുന്നതാണ്.

*നവീകരിച്ച ഹെഡ് ഓഫീസ് മന്ദിരം*

സംഘം പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്നതിനും സഹകാരികൾക്ക് ഇടപാടുകൾ കാര്യക്ഷമമായി ലഭ്യമാക്കുന്നതിനുമായി സംഘത്തെ ഹെഡ് ഓഫീസ് മന്ദിരം ആധുനിക സംവിധാനങ്ങളോടുകൂടി നവീകരിക്കുകയും മുൻനിര ബാങ്കുകളിലെ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു .

നവീകരിച്ച ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം ആഘോഷപൂർവം സംഘടിപ്പിച്ചു .

*കൊട്ടാരക്കര ബ്രാഞ്ച് മന്ദിരം*

ജില്ലാ പോലീസ് സഹകരണ സംഘത്തിന്റെ കൊട്ടാരക്കര ബ്രാഞ്ച് വാടക കെട്ടിടത്തിൽ നിന്നും മാറ്റി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് വേണ്ടി ബഹു. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി അനുവദിച്ച കൊട്ടാരക്കര താലൂക്കിൽ തൃക്കണ്ണമംഗൽ ഗാന്ധിമുക്കിനു സമീപം ജില്ലാ പോലീസ് ആസ്ഥാന മന്ദിരം , പോലീസ് ക്യാന്റീൻ എന്നിവ പണി കഴിപ്പിക്കുന്ന കോമ്പൗണ്ടിൽ ബ്രാഞ്ച് കെട്ടിടം പണി പൂർത്തിയായി വരുന്നു.

ടി. ബ്രാഞ്ച് പ്രവർത്തനക്ഷമമാകുന്നതോടുകൂടി കൊല്ലം റൂറൽ ജില്ലയിലെ സേന അംഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ കഴിയും .

*നീതി മെഡിക്കൽ സ്റ്റോർ*

വർഷങ്ങളായി ആസ്ഥാന മന്ദിരത്തോട് ചേർന്ന് പ്രവർത്തിച്ചു കൊണ്ടിരുന്ന നീതി മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതിനും സഹകാരികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി കൊല്ലം കോർപ്പറേഷനിൽ

വടക്കേവിള വില്ലേജിൽ കപ്പലണ്ടിമുക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ് . എല്ലാ വിധ ഇംഗ്ലീഷ് , ആയുർവേദ , വെറ്റിനറി മരുന്നുകളും മിതമായ നിരക്കിൽ ലഭിക്കുന്നതോടൊപ്പം അംഗങ്ങൾക്ക് പ്രതിമാസം 5000 രൂപ വരെ ക്രെഡിറ്റ് സൗകര്യവും ഉണ്ടായിരുന്നതും 2% പ്രത്യേക ഡിസ്കൗണ്ടും ലഭിക്കുന്നതാണ് .

നീതി മെഡിക്കൽ സ്റ്റോറിന്റെ ശാഖകൾ തുടർന്ന് ജില്ലയിലെ എല്ലാ പോലീസ് സബ് ഡിവിഷൻ കേന്ദ്രീകരിച്ചും ആരംഭിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ് .

*കൺസ്യൂമർ സ്റ്റോർ*

പോലീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഹെഡ് ഓഫീസിലും കൊട്ടാരക്കര ബ്രാഞ്ചിലുമായി പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോർ അംഗങ്ങൾക്ക് മിതമായ നിരക്കിൽ യൂണിഫോം സാധനങ്ങൾ നൽകിവരുന്നു .

പോലീസ് ,ഫയർ ഫോഴ്സ് , ഫോറസ്ററ് ,എക്സൈസ്, ജയിൽ , മോട്ടോർ വാഹന വകുപ്പ് , സ്റ്റുഡന്റ് പോലീസ് , ഹോം ഗാർഡ് , സെക്യൂരിറ്റി , ട്രാഫിക് വാർഡൻ എന്നിവർക്കാവശ്യമായ യൂണിഫോം ഇനങ്ങൾ ലഭ്യമാണ് .

കൂടാതെ ബാഗ് , കുട , ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ , പെൻഷൻ ബുക്ക് , സർവ്വീസ് ബുക്ക് , നിയമ പുസ്തകങ്ങൾ തുടങ്ങിയവയും ലഭ്യമാക്കി സ്റ്റോറിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് .

*സ്കൂൾ മാർക്കറ്റ്*

സംഘം ഭരണസമിതി ചുമതലയേറ്റശേഷം ആദ്യമായി സംഘടിപ്പിച്ച സ്കൂൾ മാർക്കറ്റ് മുഴുവൻ സഹകാരികളുടെയും നാട്ടുകാരുടെയും നിർലോഭമായ സഹകരണം മൂലം വൻവിജയത്തിലെത്തിക്കുവാൻ കഴിഞ്ഞിരുന്നു .

ഈ വർഷം കൂടുതൽ വിപുലമായി കൊല്ലം എ.ആർ. ക്യാമ്പിലും കൊട്ടാരക്കര വ്യാപാര ഭവനിലും തുടർച്ചയായി ഒരു മാസം സംഘടിപ്പിച്ച സ്കൂൾ മാർക്കറ്റ് വിലക്കുറവുകൊണ്ടും ഗുണമേന്മകൊണ്ടും ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി .വരുംവർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കി സംസ്ഥാനത്തിന് മാതൃകയാകുന്ന തരത്തിൽ വ്യാപാര മേളയായി മാറ്റുന്നതിനും എല്ലാ ആഘോഷങ്ങളോടനുബന്ധിച്ചും പ്രത്യേക വിപണന മേളകൾ സംഘടിപ്പിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ് .

*ലോണുകളുടെ പരിധി വർധിപ്പിച്ചു*

സംഘത്തിൽ നിന്നും ഏതൊരു അംഗത്തിനും നൽകാവുന്ന ലോണുകളുടെ പരിധി 15 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായി വർധിപ്പിച്ചു .

| | | |
|---|---|---|
| കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓർഡിനറി ലോൺ (CSOL ) | 10 ലക്ഷം | 15 ലക്ഷം |
| എമർജൻസി ലോൺ(SSA) | 1 ലക്ഷം | 2 ലക്ഷം |
| എഡ്യുക്കേഷണൽ ലോൺ(EL) | 25000 | 50000 |
| ഫെസ്റ്റിവൽ ലോൺ(FL) | 25000 | 50000 |

*പലിശ നിരക്ക് വീണ്ടും കുറച്ചു*

നിലവിലെ ഭരണസമിതി അധികാരമേറ്റയുടനെ വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുന്നതിനുള്ള തീരുമാനം എടുക്കുകയും അതിൻ്റെ ഫലമായി മെച്ചപ്പെട്ട സാമ്പത്തിക ആനുകൂല്യം സഹകാരികൾക്ക് നൽകുന്നതിനും സാധിച്ചിരിക്കുന്നു .

തുടർച്ചയായ രണ്ടാമത് വർഷവും വായ്പകളുടെ പലിശനിരക്ക് ഗണ്യമായി കുറച്ചുകൊണ്ട് സഹകാരികൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി നിറവേറ്റുകയാണ് .

| വായ്പ | നിലവിൽ | കുറച്ചത് |
|---|---|---|
| CSOL | 11% | 10.5% |
| SSA | 12% | 11% |
| EL | 12% | 11% |
| FL | 12% | 11% |
| HPL | 12% | 11% |
| Computer Loan | 10% | 6% |

വരും വർഷങ്ങളിൽ ജീവനക്കാരുടെ ക്ഷേമത്തിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി ഇത്തരം നടപടികൾ തുടരുന്നതാണ് .

*സഹകരണ വകുപ്പ്*

ജില്ലയിലെ ഏറ്റവും മികച്ച നിലയിൽ പ്രവർത്തിക്കുന്ന എംപ്ലോയീസ് സഹകരണ സംഘം എന്ന നിലയിൽ പോലീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നത് സഹകരണ വകുപ്പ് നൽകുന്ന നിർലോഭമായ സഹകരണമാണ് . സംഘത്തിൽ നിന്നും സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും

ഉപദേശങ്ങളും നൽകുന്ന ബഹു. കൊല്ലം സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ , അസി. രജിസ്ട്രാർ കാര്യാലയങ്ങൾ , ജീവനക്കാർ , സംഘം കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ , ആഡിറ്റർ എന്നിവരുടെ പ്രവർത്തനം നിസ്തുലമാണ് .

*പ്രതിമാസ നിക്ഷേപ പദ്ധിതി(GDCS )*

പോലീസ് സഹകരണസംഘത്തിൽ പുതിയ ഭരണസമിതി ചുമതലയേൽക്കുമ്പോൾ 33,50,000 രൂപ സലയ്ക്ക് 17 നമ്പർ GDCS കളാണ് ഉണ്ടായിരുന്നത് . അതേസമയം ജീവനക്കാരുടെ പൂർണ സഹകരണത്തോടും പിന്തുണയോടുംകൂടി 91,00,000 രൂപ സലയ്ക്ക് 20 നമ്പർ GDCSകൾ പുതുതായി തുടങ്ങുവാൻ കഴിഞ്ഞു .സഹകാരികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഇനിയും GDCSകളിൽ ചേർന്നിട്ടില്ലാത്ത അംഗങ്ങളെ സഹകരിപ്പിച്ച് കൂടുതൽ സലകളിൽ GDCS തുടങ്ങുന്നതിനു എവരുടെയും സഹായസഹകരണം പ്രതീക്ഷിക്കുന്നു .

സംഘം നടത്തിവരുന്ന GDCS കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ചിട്ടി നമ്പർ | തുക |
|---|---|---|
| 1 | 59/15 | 2,00,000 |
| 2 | 62/16 | 5,00,000 |
| 3 | 63/16 | 2,00,000 |
| 4 | 64/16 | 2,00,000 |
| 5 | 65/16 | 2,00,000 |
| 6 | 67/17 | 2,00,000 |
| 7 | 68/18 | 10,00,000 |
| 8 | 69/18 | 5,00,000 |
| 9 | 70/18 | 5,00,000 |
| 10 | 71/18 | 3,00,000 |
| 11 | 72/18 | 2,00,000 |
| 12 | 73/16 | 2,00,000 |
| 13 | 74/18 | 2,00,000 |
| 14 | 75/18 | 3,00,000 |
| 15 | 76/18 | 1,00,000 |
| 16 | 77/18 | 2,00,000 |
| 17 | 78/18 | 1,00,000 |
| 18 | 79/18 | 5,00,000 |
| 19 | 80/18 | 5,00,000 |
| 20 | 81/18 | 2,00,000 |
| 21 | 82/18 | 5,00,000 |
| 22 | 83/18 | 1,00,000 |

| | | |
|---|---|---|
| 23 | 84/18 | 1,00,000 |
| 24 | 85/18 | 10,00,000 |
| 25 | 86/18 | 1,00,000 |
| 26 | 87/19 | 10,00,000 |

ആകെ

91,000,00.00

*GDCS ലോൺ*

അംഗങ്ങളുടെ സാമ്പത്തിക ബാധ്യതകൾ തീർക്കുന്നതിനും സമ്പാദ്യശീലം പ്രോത്സാഹിക്കുന്നതിനുമായി പ്രതിമാസ നിക്ഷേപ പദ്ധതി (GDCS )യിൽ നിന്നും സല തുകയുടെ 50% വരെ ലോൺ അനുവദിക്കുന്നതും ടി. ലോൺ തുകയുടെ പലിശ മാത്രം GDCS നോടൊപ്പം ഈടാക്കുന്നതും ചിട്ടിത്തുക കൈപ്പറ്റുന്ന മുറയ്ക്ക് മുതൽ വകയിരുത്തുന്നതുമാണ് .

*ജാമ്യ വ്യവസ്ഥ ലളിതമാക്കി*

15 ലക്ഷം രൂപ വരെ അംഗങ്ങൾക്ക് അനുവദിക്കുന്ന CSOL വായ്പകൾക്ക് ജാമ്യ വ്യവസ്ഥ ലളിതമാക്കി

2 ലക്ഷം രൂപ വരെ - സാലറി സ്ലിപ്

4 ലക്ഷം രൂപ വരെ - സ്വന്തം സാലറി സർട്ടിഫിക്കറ്റ്

7 ലക്ഷം രൂപ വരെ - സ്വന്തം +1

10 ലക്ഷം രൂപ വരെ -സ്വന്തം +2

15 ലക്ഷം രൂപ വരെ -സ്വന്തം +3

5 ലക്ഷം രൂപ വരെ GDCS ലോൺ -സ്വന്തം സാലറി സർട്ടിഫിക്കറ്

8 ലക്ഷം രൂപ വരെ -സ്വന്തം +1

ജീവനക്കാർ : സംഘം ഹെഡ് ഓഫീസിലും കൊട്ടാരക്കര ബ്രാഞ്ചിലുമായി പരിമിതികൾക്കുള്ളിലും ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നു . ക്ലാസ്-1 ൽ എത്തിയ നമ്മുടെ സംഘത്തിൽ

സഹകാരികളോടുള്ള ക്രിയാത്മകവും ആത്മാർത്ഥവുമായ ഇടപെടൽ വഴി ജീവനക്കാർ അവരുടെ ജോലികൾ കൃത്യമായി ചെയ്തുവരുന്നു .

ഭരണസമിതി : ശ്രീ. എസ്. ഷൈജു പ്രസിഡന്റായും, ശ്രീ. എം.സി പ്രശാന്തൻ വൈസ് പ്രസിഡന്റായുമുള്ള ഭരണസമിതി ചുമതലയേറ്റിട്ട് 2 വർഷം പൂർത്തിയായിരിക്കുകയാണ് . ഭാവനാ പൂർണവും പുരോഗമന പരവുമായ ആശയങ്ങൾ വഴി സംഘത്തിന്റെ പ്രവർത്തനത്തിന് പുതിയ ദിശാബോധം നൽകുന്നതിന് ഭരണസമിതിക്ക് കഴിഞ്ഞു എന്നുള്ളത് ഏവർക്കും അനുഭവവേദ്യമായിട്ടുള്ളതാണ് . വരും നാളുകളിൽ കൂടുതൽ പ്രയോജനപ്രദമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിൽ ഭരണസമിതിക്ക് കഴിയും എന്ന് ഉറപ്പ് നൽകുന്നു .

*വിദ്യാഭ്യാസ എൻഡോവ്മെന്റ്*

സഹകാരികളുടെ മക്കളിൽ വിവിധ മേഖലകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് അഭ്യുദയകാംഷികൾ എൻഡോവ്മെന്റുകൾ നൽകി വരുന്നു . എന്നാൽ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ സഹപ്രവർത്തകരെ എക്കാലവും സ്മരിക്കപ്പെടണം എന്ന വിശാല കാഴ്ചപ്പാടിനൊപ്പം ചേർന്ന് യശഃശരീരരായ സഹകാരികളുടെ കുടുംബാംഗങ്ങളും എൻഡോവ്മെന്റുകൾ നൽകാൻ സ്വമനസ്സാലെ തയ്യാറായത് പുത്തൻ ഊർജ്ജവും കരുത്തും നൽകുന്നു .

ഉപസംഹാരം

04 -06 -1994 -ൽ രജിസ്റ്റർ ചെയ്ത് 29 -07 -94 ൽ പ്രവർത്തനം ആരംഭിച്ച നമ്മുടെ സംഘം 25 വർഷം പൂർത്തിയാക്കുകയാണ് സിൽവർ ജൂബിലിയുടെ നിറവിൽ 2019 -20 വർഷം സഹകാരികൾക്ക് അവിസ്മരണീയമായ നേട്ടങ്ങൾ സമ്മാനമായി നൽകുവാനുള്ള ശ്രമമാണ് ഭരണസമിതി നടത്തുന്നത്. ലോണുകളുടെ പലിശനിരക്ക് പരമാവധി കുറച്ചും സഹകാരികളുടെയും കുടുംബത്തിന്റെയും ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പാക്കിയും സേവന മേഖലയിൽ പുതിയ ദിശാബോധം ഉണ്ടാക്കുവാൻ കഴിഞ്ഞു.

'മാറ്റത്തിനായ് സഹകാരികൾ ഒപ്പം ഞങ്ങളും ' എന്ന മുദ്രാവാക്യം നെഞ്ചിലേറ്റി 2017 നവംബർ 2 ന് പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തപ്പോൾ സഹകാരികൾക്ക് മുൻപാകെ അവതരിപ്പിച്ച മാനിഫെസ്റ്റോ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഓരോ വർഷത്തെയും പ്രോഗ്രസ്സ് റിപ്പോർട്ട് പൊതുയോഗത്തിൽ അവതരിപ്പിക്കുവാനും കഴിഞ്ഞു എന്നുള്ളത് ഭരണസമിതിയ്ക് കരുത്ത് പകരുന്നു.

വായ്പ പരിധി 20 ലക്ഷം രൂപയായി ഉയർത്തിയും വായ്പകളുടെ ജാമ്യവ്യവസ്ഥ ലളിതമാക്കിയും അപകടം മൂലം ചികിത്സയിൽ കഴിയുന്നവർക്ക് ഇൻഷുറൻസ് സംരക്ഷണം ഉറപ്പ് വരുത്തിയും അപകടം മൂലം മരണം സംഭവിച്ചാൽ അവകാശിക്ക് 8 ലക്ഷം രൂപ ധനസഹായം നൽകിയതും പലിശനിരക്ക് ഗണ്യമായി കുറച്ചതും സഹകാരികൾക്ക് അനുഭവവേദ്യമായ മാറ്റങ്ങളാണ്.

ആധുനിക സാങ്കേതിക വിദ്യകൾ സഹകരണ മേഖലയിലും ബാങ്കിങ് മേഖലയിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ നമ്മുടെ സംഘത്തിലും കാലോചിതമായി നടപ്പാക്കിയും ഇന്റർനെറ്റ് ബാങ്കിങ്, NEFT / RTGS , ഇ-പാസ്ബുക്ക് തുടങ്ങിയവ ആരംഭിച്ചും ഇടപാടുകൾ സുതാര്യവും വേഗത്തിലുമാക്കാൻ കഴിഞ്ഞു.

സഹകാരികളുടെ മരണാന്തര ചടങ്ങുകൾക്ക് നൽകിയിരുന്ന Funeral Fund 5000 രൂപയിൽ നിന്നും 25000 രൂപയായി ഉയർത്തിയതും സഹകാരികളുടെ മക്കളുടെ വിവാഹത്തിന് കുറഞ്ഞ പലിശനിരക്കിൽ 2 ലക്ഷം രൂപ വരെ നൽകുന്ന 'മംഗല്യ നിധി' ആരംഭിച്ചതും, വാഹനവിലയുടെ 90% വരെ (10 ലക്ഷം രൂപ വരെ) ൻ 9.5% പലിശനിരക്കിൽ നൽകുന്ന വാഹനവായ്പയ്ക് തുടക്കം കുറിച്ചതും നടപ്പ് വർഷത്തെ സ്വപ്നതുല്യനേട്ടങ്ങളാണ്.

കൊട്ടാരക്കര റൂറൽ ബ്രാഞ്ചിന് സ്വന്തമായി കെട്ടിടം, ജീവനക്കാർക്ക് പ്രത്യേക ഇളവും ക്രെഡിറ്റ് സൗകര്യത്തോടും കൂടി വിപുലമായ നിലയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിച്ചതും ,പരമാവധി സ്റ്റേഷനറി ഉൽപന്നങ്ങൾ ന്യായവിലയ്ക്ക് നൽകി ആകർഷകമായ രീതിയിൽ കൺസ്യൂമർ സ്റ്റോറിന്റെ മുഖച്ഛായ മാറ്റിയത് , അധ്യയന വർഷം സഹകാരികൾക്ക് 50% വരെ വിലക്കുറവിൽ ബാഗ് , കുട , ചെരുപ്പ് ഉൾപ്പെടെ എല്ലാ പഠനോപകരണങ്ങളും പലിശരഹിത വായ്പയായി തവണ വ്യവസ്ഥയിൽ നൽകുന്ന സ്കൂൾ മാർക്കറ്റ് കൊല്ലത്തും കൊട്ടാരക്കരയിലും സംഘടിപ്പിക്കുന്നത് എല്ലാ ഭരണസമിതിയുടെ പ്രതിബദ്ധത വിളിച്ചോതുന്നതാണ് .

സംഘത്തിന്റെ ഉടമസ്ഥതയിൽ മുണ്ടയ്ക്കൽ ഉള്ള വസ്തു നിലവിലെ സാഹചര്യത്തിൽ സംഘത്തിന് നേരിട്ട് പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിന് അനുയോജ്യമല്ലാത്തതിനാൽ സംഘം ബൈലോ 2 (9 ) പ്രകാരം സഹകാരികൾക്ക് വിലനിശ്ചയിച്ചു നൽകുകയോ മറ്റേതെങ്കിലും തരത്തിലുള്ള സാദ്ധ്യമായ ക്രയവിക്രിയ നടത്തി സംഘം മുതൽ ചലനാത്മകമാക്കേണ്ടതുണ്ട് .ആയതിനാൽ കരുത്ത് പകരുന്ന നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു .

25 വർഷം പൂർത്തീകരിക്കുന്ന നമ്മുടെ സംഘത്തിന്റെ രൂപീകരണത്തിനും വളർച്ചക്കും നേതൃത്വം നൽകിയ ഏവരെയും നന്ദിയോടെ സ്മരിക്കുന്നു . പ്രതിസന്ധികളേയും വെല്ലുവിളികളെയും അതിജീവിച്ചു സഹകാരികളുടെ

അകമഴിഞ്ഞ പിന്തുണ കൊണ്ട് സംഘം ക്ലാസ്-1 പദവിയിൽ എത്തിനിൽക്കുന്നു . ഇനിയും നാം കൂടുതൽ മുന്നേറേണ്ടതായിട്ടുണ്ട് . അതിനു എല്ലാ സഹകാരികളുടെയും ആത്മാര്ത്ഥമായ പിന്തുണ അഭ്യർത്ഥിക്കുന്നു . കഴിഞ്ഞ കാലയളവിൽ കൊല്ലം ജില്ലാ പോലീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായങ്ങളും അകമഴിഞ്ഞ് നൽകിയ കൊല്ലം സിറ്റി പോലീസ് കമ്മീഷണർമാർ , കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിമാർ , പോലീസ് ആസ്ഥാനത്തെ AAമാർ , മാനേജർമാർ , അക്കൗണ്ട്സ് ഓഫീസർമാർ , വിവിധ സെക്ഷനുകളിലെ ഉദ്യോഗസ്ഥർ എന്നിവരോട് പ്രത്യേകം നന്ദി അറിയിക്കുന്നു .

കൊല്ലം സിറ്റി , കൊല്ലം റൂറൽ , ക്രൈം ബ്രാഞ്ച് , V&ACB , റെയിൽവേ പോലീസ് , ടെലിക്കമ്മ്യൂണിക്കേഷൻ , മറൈൻ ,SSB എന്നിവയിലെ ജീവനക്കാർ , സംഘത്തിലെ നിക്ഷേപകർ ,സഹകാരികൾ എന്നിവരെ ഭരണസമിതി നന്ദിപൂർവം സ്മരിച്ചുകൊണ്ട് കൊല്ലം ജില്ലാ പോലീസ് ഡിപ്പാർട്ടമെന്റ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ട് , വരവ് - ചെലവ് കണക്ക് 2018 -19 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ,2020 -21 വർഷത്തെ ബഡ്ജറ്റും പൊതുയോഗത്തിൻ്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു

വിശ്വസ്തതയോടെ ,

കൊല്ലം — ഒപ്പ്

23-11-2019 — സനോജ് . ബി.എസ്

സെക്രട്ടറി